മിസ്റ്റർ കെ. പി. വള്ളോൻ.—സക്കാരിൽ നിന്നും ഈ ഭജനമഠം പണിയിച്ചു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഭൂമി സക്കാർ വകയാണു്. ക്ഷേത്രം ആളുകൾ തന്നെ പണിയിച്ചതായിരിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ആളുകൾ പണിയിച്ച സ്ഥലത്തു അവർക്കു കടന്നുകൂടാ എന്നു് ഗവമ്മെണ്ടു വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—അതിനേക്കുറിച്ചു നോട്ടു ചെയ്തു വെക്കാമെന്നു പറവാൻ തരമുള്ളൂ.

Utilisation of receipts in the Bhajana Mutt and Mutt compound in Cheppanam

110. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ചേപ്പനം നിവാസികളായ അധഃകൃതർക്കു വേണ്ടി പണി ചെയ്തിട്ടുള്ള ഭജനമഠവും സ്ഥലവും ആരെ ഏല്പിച്ചിരിക്കുന്നു;

(b) ടി പറമ്പിലെ വരായ്ക എന്തു;

(c) ടി സംഖ്യകൾ എവിടെ നിക്ഷേപിക്കുന്നു;

(d) ടി സ്ഥലം ഗവമ്മെണ്ടു പാട്ടത്തിനു എടുത്തിട്ടുള്ളതാണൊ?

രാമവമ്മതമ്പുരാൻ.—(a) ചേപ്പനത്തെ ഭജനമഠം അധഃകൃത കൊ-ഓപ്പറേറീവ് സംഘം പ്രസിഡെണ്ടിനെ ഏല്പിച്ചിട്ടുണ്ടു്.

(b and c) ഗവമ്മെണ്ടിനു നിശ്ചയമില്ല.

(d) അല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പ്രസിഡെണ്ടിനെ ഏല്പിച്ചിരിക്കുന്നുവൊ? അല്ലെങ്കിൽ സംഘത്തെ ഏല്പിച്ചിരിക്കുന്നുവൊ?

രാമവമ്മതമ്പുരാൻ.—പ്രസിഡെണ്ടിനെ.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ നിന്നുണ്ടാകുന്ന ആദായം സംഘത്തിനായിരിക്കുമൊ? അതൊ പ്രസിഡെണ്ടിനായിരിക്കുമൊ?

രാമവമ്മതമ്പുരാൻ.—അതിലെ വരായ്ക ഭജനമഠത്തിനാണു് പ്രയോഗിക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ ആ ആദായം എടുക്കുന്നതു് ആരാണെന്നറിയാമൊ?

രാമവമ്മതമ്പുരാൻ.—ഗവമ്മെണ്ടിന്റെ അറിവിൽ പെട്ടിടത്തോളം ഭജനമഠത്തിനെടുക്കുന്നു എന്നാണു് അറിയുന്നതു്.

Enquiring into complaint of non-receipt of feeding charges for Depressed Classes pupils.

111. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കു് അനുവദിച്ചിട്ടുള്ള ഫീഡിംഗ് ചാർജ്ജു് എല്ലാ സ്കൂളിലും

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായി കിട്ടാതിരിക്കുവാനുള്ള കാരണമെന്തു; സംരക്ഷകൻ ഈ ആക്ഷേപത്തെ കുറിച്ചു വല്ല അന്വേഷണവും നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ ഫലമെന്തു?

രാമവർമ്മതമ്പുരാൻ.—ഫീഡിംഗ് ചാർജ്ജ് എല്ലാ സ്കൂളുകളിലും ശരിയായി അയച്ചുകൊടുക്കുന്നുണ്ട്. ഇതിനെ പറ്റി. ആക്ഷേപങ്ങൾ കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പത്രങ്ങളിൽ ഇതിനെ സംബന്ധിച്ചു വല്ല ആക്ഷേപവും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഒന്നു രണ്ടു ആക്ഷേപങ്ങളുണ്ടായിട്ടുള്ളതായി കണ്ടിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെപ്പറ്റി അന്വേഷിച്ചുവോ?

രാമവർമ്മതമ്പുരാൻ.—ഒരിക്കൽ അന്വേഷിച്ചുകഴിഞ്ഞു. അതിൽ പറയുന്നതൊന്നും സത്യമല്ലെന്നാണ് അറിയുന്നതു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോഴും കേട്ടിട്ടുള്ള സംഗതിയെപ്പറ്റി അന്വേഷിക്കാമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിക്കാം.

Mr. A. Sankara Poduval.—May I know what is the amount per capita.

Rama Varmha Tampuran.—I am sorry I am not sure.

Mr. A. Sankara Poduval.—I want to know whether any reduction has been made this year.

Mr. I. N. Menon.—No reduction has been made. It is an anna per head per week.

Mr. A. Sankara Poduval.—I was told that on account of the reduction in price of commodities, some reduction was made.

Mr. I. N. Menon.—No.

Books, etc. supplied to Depressed Classes pupils—taking them back.

112. മിസ്റ്റർ കെ. പി. വള്ളോൻ.—കൊല്ലംതോറും അധഃകൃത വിദ്യാർത്ഥികളോടു പുസ്തകവും മറ്റും മടക്കി വാങ്ങിക്കുന്നതിനെ സംബന്ധിച്ചു ന്യായമായി അന്വേഷണം നടത്തി മറുപടി പറയുമോ?

രാമവർമ്മതമ്പുരാൻ.—അധഃകൃത വിദ്യാർത്ഥികളിൽ നിന്നു പുസ്തകവും മറ്റും മടക്കി വാങ്ങരുതു എന്നു എല്ലാ സ്കൂളുകളിലേക്കും സംരക്ഷകൻ കല്പന അയച്ചിട്ടുണ്ടു. അങ്ങനെ മടക്കി വാങ്ങിയതായി വിദ്യാർത്ഥികളിൽ നിന്നു ഒരാക്ഷേപവും ഇതേവരെ കേട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly